ഉത്തരം

(എ) നാല് പേർക്ക്

1. ശ്രീമതി ഡി. രമ (ക്ലാർക്ക് /ടൈപ്പിസ്റ്റ്)

2. ശ്രീമതി എച്ച്. ഹരിഫാ ബീവി (ക്ലാർക്ക് /വില്ലേജ് അസിസ്റ്റന്റ്)

3. ശ്രീമതി എസ്. ഉഷ (എൽ. ജി. എസ്)

4. ശ്രീ. ചന്ദ്രശേഖരപിള്ള (വില്ലേജുമാൻ)

(ബി) രണ്ടുപേർക്ക്

(സി) ഒഴിവുകൾ കൊല്ലം സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. അവിടെ നിന്നും നിയമനം നടത്തേണ്ടവരുടെ ലിസ്റ്റ് അയച്ചുതരുന്ന മുറയ്ക്ക് നടപടി പൂർത്തിയാക്കി നിയമനം നടത്തുന്നതാണ്. ലിസ്റ്റ് ഇപ്പോൾ ലഭ്യമല്ല.

(ഡി) 'സി' ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ&എഫ്) ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ പരിഗണനയിലില്ല.

മണൽവാരൽ നിരോധനം

144 (890) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നദികളിൽ നിന്നും മണൽവാരൽ നടത്തുന്നത് കോടതി തടഞ്ഞിട്ടുള്ളതായി അറിയാമോ ;

(ബി) എങ്കിൽ ഏതെല്ലാം നദികൾക്കാണ് മണൽവാരൽ നിരോധന ഉത്തരവ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നിരോധനഉത്തരവ് ലംഘിച്ചുകൊണ്ട് മണൽവാരൽ നടത്തുന്നതായി അറിയാമോ ;

(ഡി) എങ്കിൽ അനധികൃത മണൽവാരൽ തടയുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചില നദികളിലും, ചില കടവുകളിൽ നിന്നും മണൽവാരുന്നത് തടഞ്ഞിട്ടുണ്ട്.

(ബി) പമ്പാനദിയിലെ ചില കടവുകളിൽ നിന്നും, മീനച്ചിലാറ്റിലെ കടവുകളിൽ നിന്നും മണൽവാരുന്നതിൽ നിരോധനമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനധികൃതമണൽവാരൽ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുവാൻ റവന്യൂ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ചില ജില്ലകളിൽ ഇതിനായി പ്രത്യേകം വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അനധികൃതമായി മണൽ നീക്കം ചെയ്യുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പ്രോസിക്യൂഷൻ നടപടിക്ക് വിധേയമാക്കുന്നുണ്ട്.

കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി

145 (892) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൻദേവൻ കമ്പനി അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമി കണ്ണൻദേവൻ കമ്പനിയിൽ നിന്നും തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

ഉത്തരം

(എ&ബി) റീ സർവ്വേ നടപടി പൂർത്തിയാക്കിയാൽ മാത്രമേ അനധികൃത ഭൂമി കൈവശമുണ്ടോ എന്നറിയാൻ കഴിയുകയുള്ളു.

പേര്യ മരംമുറി സംബന്ധിച്ച റിപ്പോർട്ട്

146 (894) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേര്യ മരംമുറി സംബന്ധിച്ച് റവന്യൂ സെക്രട്ടറിയായിരുന്ന ജിജി തോംസൺ അദ്ദേഹത്തിന്റെ അന്തിമ റിപ്പോർട്ട് ;

(ബി) പ്രസ്തുത റിപ്പോർട്ട് കോടതിയിൽ ഹാജരാക്കണമെന്ന് സംസ്ഥാന ഹൈക്കോടതി ആവശ്യപ്പെട്ടത് എന്നാണ് ;

(സി) ഈ റിപ്പോർട്ട് എന്നാണ് കോടതിയിൽ സമർപ്പിച്ചത് ;

(ഡി) മേൽപ്പറഞ്ഞ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനുള്ള കാലതാമസത്തിന് കാരണമെന്താണ് ;

(ഇ) ജിജി തോംസന്റെ അന്തിമ റിപ്പോർട്ടനുസരിച്ച് പേര്യയിൽ നിന്ന് എന്തു തുകയ്ക്കുള്ള മരം വെട്ടിയതായാണ് കണക്കാക്കുന്നത് ;

(എഫ്) ഇത് സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) 20-6-2000-ൽ.

LIBRARY ARCHIVES Kerala Legislative Assembly